ഗവണ്മെൻറ് ഡിപ്പോകളിൽനിന്നും എജൻസികളിലേയ്ക്കുള്ള ട്രാൻസ്പോർട്ടിൻറെ ചുമതല എജൻറന്മാർ തന്നെ വഹിച്ചു. അവർക്ക് കമ്മിഷൻ കൊടുക്കുന്നതു് ഈ വക ചെലവുകൂടി വഹിക്കുന്നതിനവേണ്ടിയാണു്.

(സി) ഈ വർഷത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. വനങ്ങളിൽനിന്നും സൗജന്യമായി പച്ചിലവളം ശേഖരിക്കുന്ന ഏർപ്പാടു് 23-7-1953 മുതൽ നിറുത്തലാക്കി.

വിദേശ വിപണികൾ.

* 985. [10] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിയുടെ വിപുലമായ വിദേശവിപണി സാദ്ധ്യതകൾ എന്തെല്ലാമെന്നു് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മരച്ചീനിയുടെ വിപുലമായ വിദേശവിപണി സാദ്ധ്യതകളെ സംബന്ധിച്ചു് 1131 കന്നി 30-ാംതീയതിയിലെ മലയാളമനോരമ പത്രത്തിൽ മി. കെ. എം. ഫിലിപ്പ്, എം. എ. എഴുതിയ ഒരു ലേഖനം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇതിനെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തുന്നുണ്ടു്.

(ബി) ഉണ്ടു്.

കോവാപ്പറേറീവു് ട്രെയിനിംഗ് സെൻറർ.

* 986. [11] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവാപ്പറേറീവു് ട്രെയിനിംഗ് സെൻറർ എന്നൊരു സ്ഥാപനം പുതിയതായി ആരംഭിച്ചിട്ടുണ്ടോ ;

(ബി) അതിൻറെ ഉദ്ദേശമെന്തു് ;

(സി) പരിശീലനത്തിനു എത്രപേരെ തിരഞ്ഞെടുത്തിട്ടുണ്ടു് ;

(ഡി) അതിൽ പട്ടികജാതിക്കാരെത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കോവാപ്പറേറീവു് ട്രെയിനിംഗ്സെൻറർ എന്നൊരു സ്ഥാപനം പുതുതായി ആരംഭിച്ചിട്ടുണ്ടു്;

(ബി) സഹകരണസ്ഥാപനങ്ങളിലും സഹകരണ ഡിപ്പാർട്ടുമെൻറിലും ഉള്ള ക്ലാർക്കന്മാർ, മാനേജർന്മാർ, സെക്രട്ടറിമാർ തുടങ്ങിയ കീഴ് ജീവനക്കാർക്കു പരിശീലനം കൊടുക്കുകയാണു് അതിൻറെ ഉദ്ദേശം.

(സി) പരിശീലനത്തിനു 40 പേരെ തിരഞ്ഞെടുത്തിട്ടുണ്ടു്.

(ഡി) അതിൽ പട്ടികജാതിയിൽനിന്നു ഒരാൾ (പുലയൻ) ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly